

ബിൻലാദനും അൽസാവഹിരിയും

മതമൗലികവാദം ചർച്ചചെയ്യപ്പെടണം

തുഫെയ്ൽ അഹമ്മദ്

മതമൗലികവാദം ഇന്നത്തെ യാഥാർത്ഥ്യമാണ്. ലോകം മുഴുവനും മതവിശ്വാസികളെ വെറുപ്പോടെ നോക്കിക്കാണുന്ന രീതിയിലാണ് തീവ്രവാദികൾ പ്രവർത്തിക്കുന്നത്. ഭാരതം മതമൗലികവാദികളുടെ ലക്ഷ്യമായിട്ട് നാളേറെയായി. എങ്കിലും ഇത് തുറന്ന് സമ്മതിക്കാൻ സർക്കാരുകൾ തയ്യാറല്ല.

ഇന്ത്യയുടെ ആഭ്യന്തരസഹമന്ത്രി ഹരിഭായ് പാർത്ഥിഭായ് ചൗധരി കഴിഞ്ഞ ഡിസംബർ 10ാം തിയ്യതി പാർലമെന്റിൽ പറഞ്ഞത് ഇങ്ങനെയാണ് ''അൽ ഖായിദയും ISIS ഭീകരസംഘടനകളും ഒന്നിച്ച് ഇന്ത്യൻ നഗരങ്ങളെ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് കരുതുവാനാവശ്യമായ രഹസ്യാന്വേഷണ വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. ഭീകരപ്രവർത്തനശൃംഖലകളെ കണ്ടെത്താനുള്ള നിരന്തരമായ കഠിനപ്രയത്നങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ് നമ്മുടെ രഹസ്യാന്വേഷണ ഏജൻസികൾ. രാജ്യം അഭിമുഖീകരിക്കുന്ന ജിഹാദിസ്റ്റ് ഭീഷണിയെക്കുറിച്ചുള്ള സത്യസന്ധമായ ഒരു വിലയിരുത്തലാണ് ശ്രീ. ചൗധരി നടത്തിയത് എന്ന് നമുക്ക് അനുമാനിക്കാം. എന്നിരുന്നാലും, അൽ- ഖായിദയേയും ISIS(Islamic State of Iraq and Syria)യും പോലുള്ള ജിഹാദിസ്റ്റ് പ്രസ്ഥാനങ്ങളുടെ മൗലികവാദ ഭീഷണി, ഇന്ത്യൻ ഭവനങ്ങളിലോളം ചെന്നെത്തിയ അസാധാരണമായ ഒരു വർഷമായിരുന്നു 2014.

മാധ്യമ റിപ്പോർട്ടുകളും ജിഹാദിസ്റ്റ് ഉറവിടങ്ങളിൽ നിന്നുള്ള രഹസ്യവിവരങ്ങളും അടിസ്ഥാനമാക്കി പരിശോധിച്ചാൽ ഇന്ത്യയിലെ മതമൗലികവാദത്തിന്റെ ഗതിയും വിന്യാസവും നിർണ്ണയിക്കാൻ സാധിക്കും.

ഒന്ന്:- സിംഗപ്പൂർ ആസ്ഥാനമാക്കിയ കുറേ തമിഴ്



തുഫെയ്ൽ അഹമ്മദ്



അൽഖ്വയ്ദയും ഐസിസ് (ISIS)ഭീകരസംഘടനയും ഇന്ത്യയെ ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്നുണ്ട് എന്നു കരുതാനാവശ്യമായ തെളിവുകൾ ലഭ്യമല്ല

–ഹരിഭായ് പാർത്ഥീഭായ് ചൗധരി

കേന്ദ്ര ആഭ്യന്തര സഹമന്ത്രി ഹരിഭായ് പാർത്ഥീഭായ് ചൗധരി

യുവാക്കൾ ISIS ജിഹാദിസ്റ്റുകളുമായി ബന്ധം സ്ഥാപിച്ചു. തന്റെ ഭാര്യയേയും മൂന്നു മക്കളേയും കൊണ്ട് സിറിയയിലേക്ക് കടന്ന ഫക്രുദ്ദീൻ ഉസ്മാന്റേത് പ്രത്യേകം എടുത്തുപറയേണ്ട ഉദാഹരണമാണ്. ഈ മൗലികവാദ പ്രവർത്തനങ്ങൾ സിംഗപ്പൂരിൽ മാത്രം ഒതുങ്ങി നിന്നില്ല. മറിച്ച് ചെന്നൈയിലും ജിഹാദിസ്റ്റുകൾ റിക്രൂട്ട്മെന്റിനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി.

രണ്ട്: – കഴിഞ്ഞ ഏപ്രിലിൽ പുറത്തുവന്ന വിവരങ്ങളനുസരിച്ച് ആദിൽ ഫയാസ് എന്ന കാശ്മീരി യുവാവ് ആസ്ട്രേലിയയിൽ വെച്ചാണ് തീവ്രമതമൗലികവാദിയായി മാറ്റപ്പെട്ടത്. അയാൾ അവിടുന്നു നിന്നു തന്നെ ടർക്കി വഴി സിറിയയിലേക്ക് നേരിട്ട് പറക്കുകയാണ് ഉണ്ടായത്. ഇവിടെ പ്രത്യേകം ഓർക്കേണ്ട മറ്റൊരു കാര്യം ഇതാണ്. കഴിഞ്ഞ രണ്ടു വർഷങ്ങളായി അഭ്യസ്തവിദ്യരായ ധാരാളം കാശ്മീരിയുവാക്കൾ അപ്രത്യക്ഷമായിരിക്കുന്നു.

മൂന്ന്: Al Qaeda in the Indian Subcontinent (AQIS) എന്ന സംഘടന സ്ഥാപിച്ചതായി അൽ–ഖായിദ നേതാവ് അയ്മാൻ അൽ സവാഹിരി പ്രഖ്യാപിച്ചതിന് പിന്നാലെ, മണിപ്പൂരിലെ തൗബാൽ ജില്ലയിലെ 23 യുവാക്കൾ AQIS ൽ ചേരാനായി രണ്ടു ബാച്ചുകളിലായി വീടുകൾ വിട്ടിറങ്ങിയ കാര്യം സപ്തംബറിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ആസ്സാമിലും മ്യാൻമറിന് സമീപത്തും വടക്ക് കിഴക്കൻ പ്രദേശങ്ങൾ മുസ്ലിം വിരുദ്ധ ആക്രമണങ്ങൾക്ക് സാക്ഷ്യം വഹിച്ചിരുന്നു എന്ന് ഓർക്കുമ്പോൾ ഇവർ അൽ– ഖായിദയിൽ ചേർന്നതിൽ ഏറെ അദ്ഭുതപ്പെടാനില്ല. ജിഹാദിന് വേണ്ടിയല്ല, മറിച്ച് ഒസാമ ബിൻലാദന്റെ ക്യാമ്പുകളിൽ പരിശീലനത്തിന്വേണ്ടി, കഴിഞ്ഞകാലങ്ങളിൽ മുസ്ലീമുകളല്ലാത്ത ഉൾഫ തീവ്രവാദികൾ ചൈനയിലും അഫ്ഗാനിസ്ഥാനിലേക്കും യാത്രചെയ്തിട്ടുണ്ട്.

നാല്: – ഇന്ത്യൻ വീക്ഷണകോണിലൂടെ നോക്കുമ്പോൾ, ഏറ്റവും വലിയ കഥ, മുംബൈയിൽ നിന്നുള്ള നാലു മുസ്ലീങ്ങളുടേതാണ്. ഷിയാതീർത്ഥാടകർ എന്ന വ്യാജേന ഇറാഖിലേക്ക് പറക്കുകയും ISIS ചേരുകയുമാണ് അവർ ചെയ്തത്. അവരിലൊരാൾ ആയ ആരിഫ് അകാ ആരിഫ് മജീദ് എന്നയാൾക്ക് പരിക്ക് പറ്റുകയും ഒരു ടർക്കിഷ് വ്യാപാരിയുടെ സഹായത്തോടെ ചികിത്സക്കായി തുർക്കിയിലെത്തുകയും ചെയ്തു. അയാളെ ഇന്ത്യയിലേക്ക് കൊണ്ടുവന്നു.

അഞ്ച് : – സിറിയയിലെ ഒരു പരിശീലന ക്യാമ്പിൽ നേരത്തെതന്നെയുണ്ടായിരുന്ന 13 ഇന്ത്യൻ യുവാക്കളെ താൻ കണ്ടതായി ആരിഫ് മജീദ് വെളിപ്പെടുത്തുകയുണ്ടായി. മധ്യപൂർവ്വേഷ്യയിൽ, മിക്കവാറും യു.എ.ഇ യിൽ ജോലിക്ക് പോവുകയും അവിടെ നിന്ന് പോരുകയും ചെയ്തവരാണ് ഈ ഇന്ത്യക്കാരെന്ന് അയാളുടെ മൊഴി സൂചിപ്പിക്കുന്നു.

ആറ് : – ബാംഗ്ളൂർ ആസ്ഥാനമായ ഒരു സ്ഥാപനത്തിൽ ജോലിചെയ്യുന്ന മെഹ്ദി എന്ന ഇന്ത്യൻ യുവാവാ



ഫക്രുദ്ദീന്റെ പിതാവ് ഉസ്മാനലി. (ഇൻസെറ്റിൽ ഫക്രുദ്ദീൻ)



ആരിഫ് മജീദിന്റെ രക്ഷിതാക്കൾ ആഭ്യന്തരമന്ത്രിയെ കണ്ടപ്പോൾ

സിംഗപ്പൂർ ആസ്ഥാനമാക്കിയ കുറേ തമിഴ് യുവാക്കൾ ISIS ജിഹാദിസ്റ്റുകളുമായി ബന്ധം സ്ഥാപിച്ചു. തന്റെ ഭാര്യയേയും മൂന്നു മക്കളേയും കൊണ്ട് സിറിയയിലേക്ക് കടന്ന ഫക്രുദ്ദീൻസ ഉസ്മാന്റേത് പ്രത്യേകം എടുത്തുപറയേണ്ട ഉദാഹരണമാണ്. ഈ മൗലികവാദ പ്രവർത്തനങ്ങൾ സിംഗപ്പൂരിൽ മാത്രം ഒതുങ്ങി നിന്നില്ല.



ISIS ൽ ചേരുവാൻ മുംബൈയിൽനിന്നും പോയ നാലു യുവാക്കൾ

ണ്, ഏറെ പ്രചരിച്ച ഒരു ജിഹാദിസ്റ്റ് ട്വിറ്റർ എക്കൗണ്ട് ഓപ്പറേറ്റ് ചെയ്തിരുന്നത് എന്ന വെളിപ്പെടുത്തൽ കഴിഞ്ഞ ദിവസങ്ങളിലെ ഉത്കണ്ഠാജനകമായ ഒരു സംഭവവികാസമാണ്.

ഏഴ്: - ഹൈദരാബാദിലെ ഗൂഗിളിലെ മുൻ ജീവനക്കാരനായിരുന്ന സോഫ്റ്റ് വെയർ എഞ്ചിനീയർ മുനവദ് സൽമാൻ, ISISൽ ചേരാൻ ശ്രമിക്കുന്നതിനിടയിൽ അറസ്റ്റ് ചെയ്യപ്പെട്ടു. സപ്തംബറിൽ, കൊൽക്കത്തയിൽ നിന്ന് ഇറാഖിലേക്ക് പറക്കാനായിപോയ, ഒരു പെൺകുട്ടിയടക്കമുള്ള 15 എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ തെലുങ്കാനപോലീസ് തടഞ്ഞു. അതേ സമയം മുംബൈയിൽ മറ്റൊരു ഹൈദരബാദി യുവാവ് തടഞ്ഞുവെക്കപ്പെട്ടു.

എട്ട്:- കാശ്മീരിലും തമിഴ്നാട്ടിലും ഝാർഖണ്ഡിലും യുവാക്കൾ ISISനെ അനുകൂലിക്കുകയും അനുകൂലിച്ച് പതാകകൾ വീശുകയും ടീ- ഷർട്ടുകൾ ധരിക്കുകയും ചെയ്തു.

ഒമ്പത് : - പ്രധാനപ്പെട്ട ചില നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടത് കാരണം നേതൃത്വം ശിഥലമാണെങ്കിലും ഇന്ത്യൻ മുജാഹിദീൻ എന്ന പാക്കിസ്താൻ- സ്പോൺസേർഡ് ജിഹാദിസ്റ്റ് സംഘടനയുടെ കാല്പാടുകൾ കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യയുടെ വിവധഭാഗങ്ങളിൽ വളരെ വ്യക്തമാണ്. എങ്കിലും തങ്ങളുടെ കാര്യക്ഷമത തെളിയിക്കാൻ വേണ്ടി മാത്രം പോലീസ് അറസ്റ്റുചെയ്ത ധാരാളം നിരപരാധികളായ യുവാക്കൾ ജയിലുകളിൽ നരകിക്കുന്നുണ്ട്.

പത്ത്:- 2013 ന്റെ പകുതിമുതൽ ചുരുങ്ങിയത് ഒമ്പത് ഇന്ത്യൻ മുസ്ലീങ്ങളെയെങ്കിലും ഒരു സൗദി ജിഹാദിസ്റ്റ് പാക്കിസ്താനിൽ പരിശീലിപ്പിക്കുന്നുണ്ടെന്ന് അൻസാറുട്ട് തൗഫീദ് ഫി ബീലാദ് അൽഹിന്ദിന്റെ വീഡിയോ ദൃശ്യങ്ങളിൽ വ്യക്തമാണ്. അൻസാറുട്ട് തൗഹീദ് ജിഹാദ് ഫൈ കാശ്മീർ എന്ന സമാനമായ പേരുള്ള ഒരു ജിഹാദിസ്റ്റ് സംഘടന കഴിഞ്ഞ വർഷത്തെ കാശ്മീർ പ്രളയത്തിന് ശേഷം ജന്മമെടുക്കുകയുണ്ടായി. ബുദ്ധിമുട്ടുകളെ നേരിടുന്നുണ്ടെങ്കിലും അൽ-ഖായിദ പോരാളികൾക്ക് ആതിഥ്യമരുളാൻ തയ്യാറായി അവർ മുന്നോട്ട് വന്നു. 11

ഈ സംഭവവികാസങ്ങളിൽ നിന്ന് നാം ചില പാഠങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ഇന്ത്യയിലും മിഡിൽ ഈസ്റ്റിലും മറ്റും ജോലിചെയ്യുന്ന വിദേശ ഇന്ത്യക്കാരുടെ ഇടയിലും ഈ മതമൗലികവാദവൽക്കരണം (Radicalisation) നടക്കുന്നുണ്ട്. മൗലികവാദവൽക്കരണം രണ്ട് തരത്തിലാണ്. മുസ്ലീങ്ങളെ ജിഹാദിനെപ്പറ്റി സ്വയം പഠിപ്പിക്കുകയും



മെഹ്ദി ബിശ്വാസിന്റെ ട്വിറ്റർ അക്കൗണ്ട്



ബാംഗ്ലൂർ പോലീസ് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസർ ഹേമന്ത് നിംബാൽകർ മെഹ്ദി ബിശ്വാസിന്റെ ഫോട്ടോയുമായി

സിറിയയിലെ ഒരു പരിശീലന ക്യാമ്പിൽ നേരത്തെതന്നെയുണ്ടായിരുന്ന 13 ഇന്ത്യൻ യുവാക്കളെ താൻ കണ്ടതായി ആരിഫ് മജീദ് വെളിപ്പെടുത്തുകയുണ്ടായി. മധ്യ പൂർവ്വേഷ്യയിൽ മിക്കവാറും യു.എ.ഇ യിൽ ജോലിക്ക് പോവുകയും അവിടെ നിന്ന് ചേരുകയും ചെയ്തവരാണ് ഈ ഇന്ത്യക്കാരെന്ന് അയാളുടെ മൊഴി സൂചിപ്പിക്കുന്നു.



''ഞങ്ങളുടെ മകൻ നിരപരാധിയാണ്. അവന് ഖുർ–ആൻ മനഃപാഠമാണ്. അവനെ ആരോ കുടുക്കിയതാണ്.'' മെഹ്ദി ബിശ്വാസിന്റെ രക്ഷിതാക്കൾ

ഇസ്ലാമിക് സ്റ്റേറ്റിനെ വെല്ലുന്ന ഭീകരസംഘടന രഹസ്യമായി വളരുന്നു

ആരുടേയും ശ്രദ്ധയിൽപ്പെടാതെ ഒരു ഭീകരസംഘടന കൂടി, ആഗോളവ്യാപകമായി പ്രവർത്തനം വ്യാപിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. ഹിസ്ബ്- ഉത്-തഹ്രീർ (HUT) ഇസ്ലാമിക് സ്റ്റേറ്റിനെ വെല്ലുന്ന ഭീകരസംഘടനയായി മാറുമെന്ന് റിപ്പോർട്ടുകൾ പറയുന്നു. ഇസ്ലാമിക് സ്റ്റേറ്റിനെ അപേക്ഷിച്ച് ഇന്ത്യക്ക് ഏറ്റവും വലിയ തലവേദന ഹിബ്സ്-ഉത്-തഹ്രീർ ആയിരിക്കുമെന്ന് വിദഗ്ദർ പറയുന്നു.

ISIS സിറിയയിലും ഇറാഖിലുമാണ് പ്രവർത്തിക്കുന്നത്, ലോകശ്രദ്ധ നേടിയെടുത്തത് പൈശാചികമായ ക്രൂരതകൾ കൊണ്ടുമാണ്. ഹിസ്ബ്- ഉത്- തഹ്രീർ അഥവാ ''വിമോചനപോരാളികൾ'' അറേബ്യൻലോകത്തെ ഭീമമായ പണം ഉപയോഗിച്ച് രഹസ്യമായി ലോകമൊട്ടുക്കും സംഘടനാസംവിധാനം ഉണ്ടാക്കികഴിഞ്ഞു. അമേരിക്ക ആസ്ഥാനമായിട്ടുള്ള ഗ്ലോബൽ എഡ്യുക്കേഷൻ കമ്മ്യൂണിറ്റി കൊളോബറേഷൻ ഓൺലൈൻ പ്രസിദ്ധീകരിച്ച ജേർണലിൽ ഇവർ ഇസ്ലാമിക് സ്റ്റേറ്റിനെ വെല്ലുന്ന അപകടകാരികളാണെന്ന് പറയുന്നു. 1952 ജറുസേലത്ത് തുടക്കമിടുകയും ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തനം നടത്തുകയും ചെയ്യുന്ന ഇവർക്ക് മധ്യഏഷ്യ, യൂറോപ്പ് ദക്ഷിണേഷ്യ, തെക്കുകിഴക്കൻ ഏഷ്യ വിശിഷ്യ ഇന്തൊനേഷ്യയിൽ ശക്തമായ സ്വാധീനമുണ്ട്.

ദക്ഷിണേഷ്യയിൽ HUTന് പാകിസ്താനിലും ബംഗ്ലാദേശിലുമാണ് കാര്യമായ സ്വാധീനം. ഇന്ത്യയിൽ കാലുറപ്പിച്ചിട്ടുണ്ടെങ്കിലും, വേണ്ടത്ര സ്വാധീനം ഇതുവരെ നേടിയിട്ടില്ല. എന്ന് ചില റിപ്പോർട്ടുകൾ പറയുന്നു.

HUTന്റെ വെബ്സൈറ്റിൽ 2010ൽ ഇസ്രായേലിന്റെ നടപടികൾക്കെതിരെ ഡൽഹിയിലെ ബാട്ട്ലാഹൗസിൽ പ്രതിഷേധപ്രകടനം നടത്തിയിട്ടുണ്ടെന്ന് പറയുന്നു. ആയിരത്തോളം ആളുകൾ പങ്കെടുത്തതാണ് അവസാനമായി റിപ്പോർട്ടുചെയ്യപ്പെട്ട അവരുടെ ഇന്ത്യയിലെ പ്രവർത്തനം. Institute of Defence Studies and Analyses ലെ സുരീന്ദർകുമാർ ശർമ്മ പറയുന്നു.

ആശയപരമായി HUT നും ISISനും ഒരുപാട് സാമ്യതകളുണ്ട്. ISISൽനിന്നും ഭിന്നമായി ലോകമെമ്പാടുമുള്ള മുസ്ലീം യുവാക്കളെ തങ്ങളിലേക്ക് അടുപ്പിച്ചുകൊണ്ടിരിക്കുകയാണ് തെഹ്രീർ. അതേ സമയം ലോകത്തിന്റെ ശ്രദ്ധപതിയാതിരിക്കാൻ തീവ്രവാദആക്രമണപ്രവർത്തനങ്ങളിൽ നിന്നും പരസ്യമായി ഒഴിഞ്ഞുനിൽക്കുന്നു. പക്ഷേ ആഗോള ഖിലാഫത്ത് സ്വപ്നം കാണുന്നവരാണ് അവരെ സഹായിക്കുന്നത്.

Courtesy: Press Trust of India

മൗലികവാദവൽക്കരണത്തെക്കുറിച്ച് പരസ്യമായി സംസാരിക്കാതിരിക്കുന്നത് ജിഹാദിസത്തെ തടഞ്ഞുനിർത്തുമെന്ന തെറ്റായ വിശ്വാസം വെച്ചുപുലർത്തുന്നവരാണ്, നിർഭാഗ്യവശാൽ നമ്മുടെ രാഷ്ട്രനേതാക്കൾ സുതാര്യതയുടേയും നിയമവാഴ്ചയുടേയും ശക്തിയാർജ്ജിച്ചതാണ് ഭാരതീയസമൂഹം


സോഷ്യൽ മീഡിയ വഴി ജിഹാദിസ്റ്റ് ഗ്രൂപ്പുകളുമായി ബന്ധപ്പെടുത്തുകയും ചെയ്യുക, ജിഹാദിസ്റ്റ് ഗ്രൂപ്പുകൾ അവരെ റിക്രൂട്ട് ചെയ്യുക. ഇന്ത്യക്കാർ പോയിരിക്കുന്നത് പ്രധാനമായും നാലു രാജ്യങ്ങളിലേക്കാണ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, സിറിയ, ഇറാഖ്.

കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യൻ ജിഹാദിസ്റ്റുകൾ പോയിരുന്നത് ഗ്രോസ്നി, സെർബിയ, ഗ്ലാസ്ഗോ എന്നിവിടങ്ങളിലേക്കായിരുന്നു. ഝാർഖണ്ഡിലും തമിഴ്നാട്ടിലും കാശ്മീരിലും പ്രത്യക്ഷപ്പെട്ട ISIS ടീ ഷർട്ടുകളെ തെരുവുപിള്ളാരുടെ വികൃതിയായി ചിലർ തള്ളിക്കളയുന്നുണ്ടെങ്കിലും മുംബൈ മുതൽ ഹൈദരാബാദ് വരെയും ചെന്നൈമുതൽ മണിപ്പൂർ വരെയും ഇന്ത്യൻ സമൂഹത്തിന്റെ അടിയൊഴുക്കായി മാറിയ മതമൗലികവാദവൽക്കരണത്തിന്റെ ഒരു സുപ്രധാന മർദ്ദമാപിനിയായിത്തന്നെ ഈ സംഭവങ്ങളെ കാണേണ്ടിയിരിക്കുന്നു.

മതമൗലികവാദവൽക്കരിക്കപ്പെട്ട് ജിഹാദിലേക്ക് മാറിയ ഇന്ത്യൻ യുവാക്കളുടെ എണ്ണമെത്രയാണെന്ന് കഴിഞ്ഞ നവംബർ 22 ന് ഡൽഹിയിൽവെച്ച് നടന്ന ഒരു സമ്മേളനത്തിൽ വെച്ച് കേന്ദ്രസുരക്ഷാഉപദേഷ്ടാവ് അജിത് ഡോവലിനോട് ഈ ലേഖകൻ ചോദിക്കുകയുണ്ടായി. അഞ്ചാറ് യുവാക്കൾ ജിഹാദിസ്റ്റ് ഗ്രൂപ്പുകളിൽ ചേരാൻ സന്നദ്ധരായി എങ്കിലും അവരുടെ മാതാപിതാക്കൾ സുരക്ഷാഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെടുകയും അവർ സഹായിക്കുകയും ചെയ്തു എന്ന് പ്രസ്താവിച്ചുകൊണ്ട്, എഴുതിക്കൊടുത്ത ആ ചോദ്യം ഒഴിവാക്കുകയാണ് ഡോവൽ ചെയ്തത് എങ്കിലും, ഇന്ത്യൻ മാധ്യമങ്ങളിൽ നിന്നും ജിഹാദിസ്റ്റ് ഉറവിടങ്ങളിൽ നിന്നും മതമൗലികവാദവൽക്കരിക്കപ്പെട്ട യുവാക്കളുടെ എണ്ണം നമുക്ക് കണക്കാക്കാൻ സാധിക്കും, മാധ്യമറിപ്പോർട്ടുകളനുസരിച്ച് അത്തരം ചെറുപ്പക്കാരുടെ എണ്ണം മുന്നൂറോളം വരും. 50 ഇന്ത്യൻ ജിഹാദിസ്റ്റുകൾ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, സിറിയ, ഇറാഖ് എന്നിവിടങ്ങൾ ആസ്ഥാനമാക്കിപ്രവർത്തിക്കുന്നുണ്ടെന്ന് ഏറെക്കുറെ തീർച്ചയാണ്. പാക്കിസ്ഥാനിൽ ജിഹാദിസം നിലനിൽക്കുന്നിടത്തോളം കാലം ഇന്ത്യ ഭീഷണികളെ അഭിമുഖീകരിച്ചുകൊണ്ടേയിരിക്കും.



ആരിഫ് ജമാൽ



ദേശീയസുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവാൽ

നൈജീരിയ, ഇറാഖ്-സിറിയ, പാകിസ്ഥാൻ- അഫ്ഗാനിസ്ഥാൻ എന്നിങ്ങനെ മൂന്ന് ധ്രുവങ്ങളിലായാണ് ആഗോള ജിഹാദിസം വികസിക്കുന്നത് എന്ന് ആരിഫ്ജമാൽ എന്ന ന്യൂയോർക്ക് ആസ്ഥാനമായ എഴുത്തുകാരൻ മുന്നറിയിപ്പ് നൽകുകയുണ്ടായി.

മതമൗലികവാദവൽക്കരണത്തെക്കുറിച്ച് പരസ്യമായി സംസാരിക്കാതിരിക്കുന്നത് ജിഹാദിസത്തെ തടഞ്ഞുനിർത്തുമെന്ന തെറ്റായ വിശ്വാസം വെച്ചുപുലർത്തുന്നവരാണ്, നിർഭാഗ്യവശാൽ നമ്മുടെ രാഷ്ട്രനേതാക്കൾ സുതാര്യതയുടേയും നിയമവാഴ്ചയുടേയും ശക്തിയാർജ്ജിച്ചതാണ് ഭാരതീയസമൂഹം. ഈ ശക്തി പ്രായോഗികമാകേണ്ടത് പൊതുമാർഗ്ഗങ്ങളിലൂടെ തന്നെയാണ്, മാധ്യമങ്ങളും പൗരൻമാരും മതമൗലികവാദവത്ക്കരണത്തിന്റെ കാരണങ്ങളെപ്പറ്റിയും വ്യാപ്തിയെപ്പറ്റിയും ചർച്ചനടത്തുക തന്നെവേണം.

26/ 11 കേസിൽ നീതിക്ക് വേണ്ടി പാകിസ്ഥാനിൽ സമ്മർദ്ദം ചെലുത്തുമ്പോൾ തന്നെ, 2007 ലെ സംഝൗധാ എക്സ്പ്രസ് കേസടക്കമുള്ള സ്വന്തം മണ്ണിലെ ഭീകരപ്രവർത്തനകേസുകളിൽ സമയബന്ധിതമായ വിചാരണ ഉറപ്പുവരുത്താനും ഇന്ത്യ ശ്രമിക്കണം. പ്രവർത്തനശേഷിയില്ലാത്ത ഇന്ത്യക്ക് ഒരിക്കലും മഹത്തായ റിപ്പബ്ലിക്ക് ആവാൻ സാധിക്കയില്ല. ചൈനയോ സൗദിഅറേബ്യയോ പോലുള്ള സ്വേച്ഛാധിപത്യരാഷ്ട്രങ്ങൾക്ക് ജിഹാദിസ്റ്റുകളെ തകർക്കാൻ സാധിക്കും, പക്ഷേ ഒരു സ്വതന്ത്ര സമൂഹമെന്ന നിലയ്ക്ക് ഇന്ത്യക്ക് മറ്റൊരു ദുഷ്കൃത്യവും കൂടെ നിർവ്വഹിക്കാനുണ്ട്: ജിഹാദിസ്റ്റുകളെ പിടിക്കുക മാത്രമല്ല, അവർക്ക് ഇന്ത്യക്കാരന്റെ സ്വാതന്ത്ര്യസ്രോതസ്സായ ഭരണഘടന ഉറപ്പുവരുത്തുന്ന അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുക എന്നതാണത്. ■

(ബി.ബി.സിയുടെ മുൻ ഉർദു സർവീസ് ജേർണലിസ്റ്റും അമേരിക്കയിലെ മിഡിൽ ഈസ്റ്റ് മീഡിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗത്ത് ഏഷ്യ സ്റ്റഡീസ് പ്രോജക്ട് ഡയറക്ടറുമാണ് ലേഖകൻ)